**മധുരമായ കുട്ടികളേ– നിങ്ങൾ പരിധിയില്ലാത്ത അച്ഛനിൽ നിന്നും പരിധിയില്ലാത്ത സമ്പത്ത് നേടാനായി വന്നതാണ്, ഇവിടെ പരിധിയുള്ള ഒരു കാര്യവുമില്ല, നിങ്ങൾ വളരെ ഉത്സാഹത്തോടെ ബാബയെ ഓർമ്മിക്കു എങ്കിൽ പഴയ ലോകം വിസ്മൃതമാകും.**

**ചോദ്യം–** ഏതൊരു കാര്യമാണ് നിങ്ങൾ ഇടക്കിടെ സ്വയത്തിൽ ഇടിച്ചുറപ്പിക്കേണ്ടത്?
**ഉത്തരം–** ഞാൻ ആത്മാവാണ്, ഞാൻ പരമാത്മാ പിതാവിൽ നിന്നും സമ്പത്ത് നേടുകയാണ്. ആത്മാക്കൾ കുട്ടികളാണ്, പരമാത്മാവാണ് അച്ഛൻ. ഇപ്പോൾ കുട്ടികളുടേയും അച്ഛന്റേയും മേള നടന്നിരിക്കുകയാണ്. ഈ കാര്യം ഇടക്കിടെ ഇടിച്ചിടിച്ച് ഉറപ്പിക്കൂ. എത്രയും ആത്മാഭിമാനിയായി മാറുന്നുവോ അത്രയും ദേഹാഭിമാനം വിട്ടുപോകും.

**ഗീതം–** ആരാണോ അച്ഛനോടൊപ്പം...............

**ഓം ശാന്തി**. കുട്ടികൾക്ക് അറിയാം നമ്മൾ ബാബയുടെ കൂടെ ഇരിക്കുകയാണ്– ഇതാണ് വലുതിലും വലിയ ബാബ, എല്ലാവരുടേയും അച്ഛൻ. അച്ഛൻ വന്നിരിക്കുകയാണ്. അച്ഛനിൽ നിന്ന് എന്താണ് ലഭിക്കുന്നത്, ഈ ചോദ്യമേ ഉദിക്കുന്നില്ല. ബാബയിൽ നിന്ന് സമ്പത്ത് തന്നെയാണ് ലഭിക്കുന്നത്. ഇതാണ് എല്ലാവരുടേയും പരിധിയില്ലാത്ത അച്ഛൻ, അച്ഛനിലൂടെ പരിധിയില്ലാത്ത സുഖവും, പരിധിയില്ലാത്ത സമ്പത്തും ലഭിക്കുന്നു. എന്നാൽ അത് പരിധിയുള്ള സമ്പത്താണ്. ചിലരുടെ പക്കൽ ആയിരവും ചിലരുടെ പക്കൽ 5 ആയിരവും ഉണ്ടാകും. ചിലരുടെ അടുത്ത് 10–20–50 കോടികളുണ്ടാകും, 100 കോടികൾ ഉണ്ടാകും. എന്നാൽ അതെല്ലാം ലൗകിക അച്ഛന്മാരാണ് പിന്നെ പരിധിയുള്ള കുട്ടികളും. ഇവിടെ നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നുണ്ട് നമ്മൾ പരിധിയില്ലാത്ത അച്ഛനിൽ നിന്നും പരിധിയില്ലാത്ത സമ്പത്ത് നേടാനായി വന്നിരിക്കുകയാണ്. ഹൃദയത്തിൽ ആഗ്രഹം ഉണ്ടാകുമല്ലോ. സ്ക്കൂളിലല്ലാതെ മറ്റൊരു സത്സംഗത്തിലും ഒരു ലക്ഷ്യവും ഉണ്ടാകില്ല. പറയും ശാന്തി ലഭിക്കണമെന്ന്, അത് ലഭിക്കുകയുമില്ല. ഇവിടെ നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നുണ്ട് നമ്മൾ വന്നിരിക്കുന്നത് വിശ്വം, പുതിയ ലോകത്തിന്റെ അധികാരിയാകാനാണ്. ഇല്ലെങ്കിൽ പിന്നെ എന്തിനാണ് ഇവിടേയ്ക്ക് വന്നത്. കുട്ടികൾ എത്ര വർദ്ധിച്ചുവരുന്നു! പറയുന്നു ബാബാ ഞങ്ങൾ വിശ്വത്തിന്റെ അധികാരിയാവാൻ വന്നിരിക്കുകയാണ്, പരിധിയുള്ള ഒരു കാര്യവുമില്ല. ബാബാ ഞങ്ങൾ അങ്ങയിൽ നിന്നും പരിധിയില്ലാത്ത സ്വർഗ്ഗത്തിന്റെ സമ്പത്ത് നേടാൻ വന്നതാണ്. കല്പ കല്പം നമ്മൾ ബാബയിൽ നിന്നും സമ്പത്ത് നേടുന്നു പിന്നീട് മായയാകുന്ന പൂച്ച തട്ടിയെടുക്കുന്നു അതിനാൽ ഇതിനെ ജയ പരാജയത്തിന്റെ കളി എന്നു പറയുന്നു. ബാബ ഇരുന്ന് കുട്ടികൾക്ക് മനസ്സിലാക്കിത്തരുകയാണ്. കുട്ടികളും നമ്പർവൈസ് ആയാണ് മനസ്സിലാക്കുന്നത്, ഇത് ഏതെങ്കിലും സാധു സന്യാസിയല്ല. എങ്ങനെയാണോ നിങ്ങൾക്ക് വസ്ത്രം ലഭിച്ചിരിക്കുന്നത് അതുപോലെ ഇവർക്കും ലഭിച്ചിട്ടുണ്ട്. ഇത് ബാബയാണല്ലോ. ചിലർ ചോദിക്കും ആരുടെ അടുത്തേയ്ക്കാണ് പോകുന്നത്? പറയും ഞങ്ങൾ ബാപ്ദാദയുടെ അടുത്തേയ്ക്ക് പോവുകയാണ്. അപ്പോൾ ഇത് കുടുംബമായി. എന്തിനാ പോകുന്നത്, എന്ത് നേടാനാണ് പോകുന്നത്? ഇത് മറ്റാർക്കും മനസ്സിലാക്കാൻ സാധിക്കില്ല. ഞങ്ങൾ ബാപ്ദാദയുടെ അടുത്തേക്കാണ് പോകുന്നത്, സമ്പത്ത് അവരിൽ നിന്നാണ് ലഭിക്കുന്നത് എന്ന് അവർക്ക് പറയാൻ പറ്റില്ല. മുത്തച്ഛന്റെ സമ്പത്തിന് എല്ലാവരും അവകാശികളാണ്. ശിവബാബയുടെ അവിനാശിയായ (ആത്മാക്കൾ) കുട്ടികൾ തന്നെയാണ്, പിന്നെ പ്രജാപിതാ ബ്രഹ്മാവിന്റെ കുട്ടികളാവുന്നതിനാൽ ബാബയുടെ പേരക്കുട്ടികളുമാകുന്നു. ഇപ്പോൾ നിങ്ങൾക്ക് അറിയാം നമ്മൾ ആത്മാക്കളാണ്. ഇത് പക്കയായി അറിയണം. നമ്മൾ ആത്മാക്കൾ പരമാത്മാവായ ബാബയിൽ നിന്നും സമ്പത്ത് നേടുന്നു. നമ്മൾ ആത്മാക്കൾ ഇപ്പോൾ അച്ഛനെ കണ്ടുമുട്ടിയിരിക്കുന്നു. മുമ്പാണെങ്കിൽ ശരീരത്തിന്റെ ബോധമായിരുന്നു. ഇന്നയാൾ ഇന്നപേരുള്ള ആളുടെ വസ്തു നേടുന്നു. ഇപ്പോഴാണെങ്കിൽ ആത്മാക്കളാണ്, പരമാത്മാവിൽ നിന്നും സമ്പത്ത് നേടുന്നു. ആത്മാക്കളാണ് കുട്ടികൾ, പരമാത്മാവാണ് അച്ഛൻ. അച്ഛന്റേയും മക്കളുടേയും മിലനം വളരെ അധികം കാലങ്ങൾക്കു ശേഷം നടക്കുകയാണ്. ഒരേയൊരു തവണ. ഭക്തിമാർഗ്ഗത്തിൽ പിന്നീട് അനേകം കൃത്രിമ മേളകൾ നടക്കാറുണ്ട്. ഇതാണ് വളരെ വണ്ടർഫുള്ളായ മേള. ആത്മാക്കളും പരമാത്മാവും ഒരുപാട് കാലം വേറിട്ടിരുന്നു........ ആര്? നിങ്ങൾ ആത്മാക്കൾ. ഇതും നിങ്ങൾ മനസ്സിലാക്കുന്നുണ്ട് നമ്മൾ ആത്മാക്കൾ നമ്മുടെ മധുരമായ ശാന്തിയുടെ വീട്ടിൽ വസിക്കുന്നവരാണ്. ഇപ്പോൾ ഇവിടെ പാർട്ട് അഭിനയിച്ച് അഭിനയിച്ച് ക്ഷീണിച്ചിരിക്കുന്നു. അതിനാൽ സന്യാസി, ഗുരുക്കന്മാരുടെ അടുത്ത് ചെന്ന് ശാന്തി യാചിക്കുന്നു. അവർ വീട് ഉപേക്ഷിച്ച് കാട്ടിലേയ്ക്ക് പോയവരാണ് അതിനാൽ അവരിൽ നിന്നും ശാന്തി ലഭിക്കും എന്ന് കരുതുന്നു. പക്ഷേ അങ്ങനെയല്ല. ഇപ്പോൾ എല്ലാവരും നഗരത്തിലേയ്ക്ക് വന്നു. കാടുകളിൽ ഗുഹകൾ ഒഴിഞ്ഞു

കിടക്കുകയാണ്. ഗുരുവായി ഇരിക്കുകയാണ്. ഇല്ലെങ്കിൽ അവർക്ക് നിവൃത്തി മാർഗ്ഗത്തിലെ ജ്ഞാനം നൽകി പവിത്രത പഠിപ്പിക്കണം. ഇക്കാലത്താണെങ്കിൽ വിവാഹങ്ങൾ നടത്തിക്കൊടുത്തുകൊണ്ടിരിക്കുന്നു.

നിങ്ങൾ കുട്ടികളാണെങ്കിൽ തന്റെ യോഗബലത്തിലൂടെ തന്റെ കർമ്മേന്ദ്രിയങ്ങളെ വശത്താക്കുന്നു. കർമ്മേന്ദ്രിയങ്ങൾ യോഗബലത്തിലൂടെ ശീതളമായി മാറും. കർമ്മേന്ദ്രിയങ്ങളിൽ ചഞ്ചലത ഉണ്ടാകുമല്ലോ. ഇപ്പോൾ കർമ്മേന്ദ്രിയങ്ങൾക്കുമേൽ വിജയം നേടണം, ഒരു ചഞ്ചലതയും ഉണ്ടാകരുത്. യോഗബലമില്ലാതെ കർമ്മേന്ദ്രിയങ്ങൾ വശത്താവുക എന്നത് അസാധ്യമാണ്. ബാബ പറയുന്നു കർമ്മേന്ദ്രിയങ്ങളുടെ ചഞ്ചലത യോഗബലത്തിലൂടെയേ ഇല്ലാതാവൂ. യോഗബലത്തിന് ശക്തിയുണ്ടല്ലോ. ഇതിൽ വളരെ അധികം പരിശ്രമമുണ്ട്. മുന്നോട്ട് പോകുമ്പോൾ കർമ്മേന്ദ്രിയങ്ങൾക്ക് ചഞ്ചലതയുണ്ടാകില്ല. സത്യയുഗത്തിൽ മോശമായ ഒരു അസുഖവും ഉണ്ടാകില്ല. ഇവിടെ നിങ്ങൾ കർമ്മേന്ദ്രിയങ്ങളെ വശത്താക്കിയാൽ പിന്നെ ഒരു മോശമായ കാര്യവും അവിടെയുണ്ടാകില്ല. പേരുതന്നെ സ്വർഗ്ഗം എന്നാണ്. അത് മറന്നുപോയതിനാൽ ലക്ഷക്കണക്കിന് വർഷം എന്ന് പറയുന്നു. ഇന്നുവരേയ്ക്കും ക്ഷേത്രങ്ങൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നു. അഥവാ ലക്ഷക്കണക്കിന് വർഷങ്ങളാണെങ്കിൽ പിന്നെ കാര്യങ്ങളൊന്നും ഓർമ്മ വരില്ല. ഈ ക്ഷേത്രങ്ങളെല്ലാം എന്തിനാണ് നിർമ്മിക്കുന്നത്? എങ്കിൽ അവിടെ കർമ്മേന്ദ്രിയങ്ങൾ ശീതളമായിരിക്കും. ഒരു ചഞ്ചലതയും ഉണ്ടാകില്ല. ശിവബാബയ്ക്കാണെങ്കിൽ കർമ്മേന്ദ്രിയങ്ങൾ ഇല്ല. ബാക്കി ആത്മാവിൽ ജ്ഞാനം മുഴുവൻ ഉണ്ടല്ലോ. ബാബ തന്നെയാണ് ശാന്തിയുടെ സാഗരം, സുഖ സാഗരം. കർമ്മേന്ദ്രിയങ്ങൾ വശത്താക്കുക അസാധ്യമാണ് എന്ന് അവർ പറയുന്നു. ബാബ പറയുന്നു യോഗബലത്തിലൂടെ നിങ്ങൾ കർമ്മേന്ദ്രിയങ്ങളെ വശത്താക്കൂ. ബാബയുടെ ഓർമ്മയിൽ ഇരിക്കൂ. ഒരു നിയമ വിരുദ്ധമായ കാര്യവും കർമ്മേന്ദ്രിയങ്ങളിലൂടെ ചെയ്യരുത്. ഇങ്ങനെയുള്ള സ്നേഹിയായ അച്ഛനെ ഓർമ്മിച്ച് ഓർമ്മിച്ച് കണ്ണുകളിൽ പ്രേമത്തിന്റെ കണ്ണുനീർ വരണം. ആത്മാവ് പരമാത്മാവിൽ ലയിക്കുകയില്ല. ബാബ ഒരേയൊരു തവണയാണ് വരുന്നത്, ബാബ ശരീരം ലോൺ എടുക്കുകയാണ് അതിനാൽ ഇങ്ങനെയുള്ള അച്ഛനുമൊത്ത് എത്ര സ്നേഹത്തോടെ നടക്കണം. ബാബയ്ക്ക് ഉത്സാഹം വന്നല്ലോ. ആഹാ! ബാബ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്നു പിന്നെ ഈ ധനവും സമ്പത്തും എന്തിനാണ്, എല്ലാം ഉപേക്ഷിക്കൂ. ഭ്രാന്തനെപ്പോലെയായി. ഇദ്ദേഹത്തിന് പോയിപ്പോയി എന്തുപറ്റി എന്ന് എല്ലാവരും പറയാൻ തുടങ്ങി. കച്ചവടം മുഴുവൻ വിട്ടിട്ടുവന്നു. സന്തോഷത്തിന്റെ അതിര് കവിഞ്ഞു. സാക്ഷാത്ക്കാരം ലഭിക്കാൻ തുടങ്ങി. രാജധാനി ലഭിക്കണം പക്ഷേ എങ്ങനെ ലഭിക്കും, എന്തുണ്ടാകും? ഇത് ഒന്നും അറിയില്ലായിരുന്നു. എന്തായാലും കിട്ടും, ആ സന്തോഷത്തിൽ എല്ലാം ഉപേക്ഷിച്ചു. പിന്നീട് പതുക്കെ പതുക്കെ ജ്ഞാനം ലഭിച്ചുകൊണ്ടിരുന്നു. നിങ്ങൾ കുട്ടികൾ ഇവിടെ സ്ക്കൂളിലേയ്ക്ക് വന്നിരിക്കുകയാണ്, പ്രധാന ലക്ഷ്യവും ഉണ്ടല്ലോ. ഇതാണ് രാജയോഗം. പരിധിയില്ലാത്ത അച്ഛനിൽ നിന്നും രാജധാനി നേടാൻ വന്നിരിക്കുകയാണ്. ആരെയാണോ ഓർമ്മിച്ചിരുന്നത്, ബാബാ വന്ന് ഞങ്ങളുടെ ദുഃഖത്തെ ഇല്ലാതാക്കി സുഖം നൽകൂ എന്ന് പറഞ്ഞത് അവരിൽ നിന്നാണ് നമ്മൾ പഠിക്കുന്നത്, ഇത് കുട്ടികൾക്ക് അറിയാം. പെൺകുട്ടികൾ പറയുന്നു എനിക്ക് കൃഷ്ണനെപ്പോലുള്ള കുഞ്ഞ് ജനിക്കണം. പക്ഷേ അത് വൈകുണ്ഠത്തിലല്ലേ ലഭിക്കുക. കൃഷ്ണൻ വൈകുണ്ഠത്തിലേതാണ്, നിങ്ങൾ കൃഷ്ണനെ ഊഞ്ഞാലാട്ടി ഉറക്കുന്നു എങ്കിൽ കൃഷ്ണനെപ്പോലുള്ള കുട്ടി നിങ്ങൾക്ക് വൈകുണ്ഠത്തിലല്ലേ ലഭിക്കുക. ഇപ്പോൾ നിങ്ങൾ വൈകുണ്ഠത്തിന്റെ രാജ്യപദവി നേടാൻ വന്നതാണ്. അവിടെ തീർച്ചയായും രാജകുമാരന്മാരും കുമാരിമാരും ഉണ്ടാകും. പവിത്രമായ കുട്ടിയെ ലഭിക്കും, ഈ ആഗ്രഹവും പൂർത്തിയാവും. രാജകുമാരന്മാരും കുമാരിമാരും ഇവിടെയുമുണ്ട് പക്ഷേ അവർ നരകവാസികളാണ്. നിങ്ങൾ ആഗ്രഹിക്കുന്നത് സ്വർഗ്ഗവാസികളെയാണ്. പഠിപ്പ് വളരെ സഹജമാണ്. ബാബ പറയുന്നു നിങ്ങൾ വളരെ അധികം ഭക്തി ചെയ്തിട്ടുണ്ട്, ക്ഷീണിതരായി. നിങ്ങൾ എത്ര സന്തോഷത്തോടെ തീർത്ഥാടനങ്ങൾ നടത്തിയിരുന്നു. അമർനാഥിലേയ്ക്ക് പോകുന്നു, ശങ്കരൻ പാർവ്വതിയ്ക്ക് അമരകഥ കേൾപ്പിച്ചുകൊടുത്തു എന്നാണ് കരുതുന്നത്. അമരനാഥന്റെ സത്യമായ കഥ നിങ്ങൾ ഇപ്പോഴാണ് കേൾക്കുന്നത്. ഇത് ബാബയാണ് ഇരുന്ന് കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നത്. നിങ്ങൾ വന്നിരിക്കുന്നത് അച്ഛന്റെ അടുത്തേയ്ക്കാണ്. അറിയാം ഇത് ഭാഗ്യശാലീ രഥമാണ്, ഇവരിൽ നിന്നും ഇത് ലോണായി വാങ്ങിയിരിക്കുകയാണ്. നമ്മൾ ശിവബാബയുടെ അടുത്തേയ്ക്കാണ് പോകുന്നത്, ബാബയുടെ ശ്രീമതം അനുസരിച്ചേ നടക്കൂ. എന്തു ചോദിക്കണമെങ്കിലും ബാബയോട് ചോദിക്കാൻ സാധിക്കും. പറയുന്നു– ബാബാ ഞങ്ങൾക്ക് പറയാൻ പറ്റില്ല. ഇവിടെ നിങ്ങൾ പുരുഷാർത്ഥം ചെയ്യൂ, ഇതിൽ ബാബയ്ക്ക് എന്തുചെയ്യാൻ പറ്റും.

ബാബ നിങ്ങൾ കുട്ടികൾക്ക് ശ്രേഷ്ഠമായി മാറുന്നതിനുള്ള സഹജമായ വഴി പറഞ്ഞുതരുന്നു– ഒന്നാമത് കർമ്മേന്ദ്രിയങ്ങളെ വശത്താക്കൂ, രണ്ടാമത് ദൈവീക ഗുണങ്ങൾ ധാരണ ചെയ്യൂ. ആരെങ്കിലും ദേഷ്യപ്പെടുകയാണെങ്കിൽ കേൾക്കരുത്. ഒരു കാതുകൊണ്ട് കേട്ട് അടുത്തതിലൂടെ കളയൂ. മോശമായ ഇഷ്ടമല്ലാത്ത

കാര്യങ്ങൾ പറയുന്നത് കേൾക്കരുത്. നോക്കൂ പതി ക്രോധിക്കുകയാണ്, ഉപദ്രവിക്കുകയാണ് എങ്കിൽ എന്തു ചെയ്യും? എപ്പോൾ നോക്കിയാലും പതി ദേഷ്യപ്പെടുകയാണെങ്കിൽ അവർക്കുമേൽ പുഷ്പങ്ങൾ വർഷിക്കൂ. പുഞ്ചിരിച്ചുകൊണ്ടിരിക്കൂ. യുക്തികൾ ഒരുപാടുണ്ട്. കാമത്താലും ക്രോധത്താലും ഉപദ്രവിക്കുന്നു. അബലകൾ വിളിക്കുന്നു. ഒരു ദ്രൗപദിയല്ല, എല്ലാവരും ഉണ്ട്. ഇപ്പോൾ ബാബ വന്നിരിക്കുന്നത് നഗ്നമാകുന്നതിൽ നിന്നും രക്ഷിക്കാനാണ്. ബാബ പറയുന്നു ഈ മൃത്യുലോകത്തിൽ ഇത് നിങ്ങളുടെ അന്തിമ ജന്മമാണ്. ഞാൻ നിങ്ങൾ കുട്ടികളെ ശാന്തിധാമത്തിലേയ്ക്ക് കൊണ്ടുപോകാനായി വന്നിരിക്കുകയാണ്. അവിടേയ്ക്ക് പതിത ആത്മാക്കൾക്ക് പോകാൻ കഴിയില്ല, അതിനാൽ ഞാൻ വന്ന് നിങ്ങൾ എല്ലാവരേയും പാവനമാക്കി മാറ്റുന്നു. ആർക്ക് എന്ത് പാർട്ട് ലഭിച്ചിട്ടുണ്ടോ അത് പൂർത്തിയാക്കി എല്ലാവർക്കും ഇപ്പോൾ തിരിച്ചുപോകണം. മുഴുവൻ വൃക്ഷത്തിന്റേയും രഹസ്യം ബുദ്ധിയിലുണ്ട്. ബാക്കി വൃക്ഷത്തിലെ ഇലകളുടെ എണ്ണം ആർക്കെങ്കിലും എണ്ണാൻ സാധിക്കുമോ. അതിനാൽ ബാബയും മുഖ്യമായ കാര്യം, ബീജത്തേയും വൃക്ഷത്തേയും കുറിച്ച് മനസ്സിലാക്കിത്തരുന്നു. ബാക്കി മനുഷ്യർ അനേകമുണ്ട്. ഓരോരുത്തരുടേയും ഉള്ളിലെ കാര്യം അറിയുമോ. മനുഷ്യർ കരുതുന്നു ഭഗവാൻ അന്തര്യാമിയാണ്, ഓരോരുത്തരുടേയും ഉള്ളിലെ കാര്യങ്ങൾ അറിയാം. ഇതെല്ലാം അന്ധവിശ്വാസമാണ്.

ബാബ പറയുന്നു നിങ്ങൾ എന്നെ വിളിച്ചിരുന്നു വന്ന് ഞങ്ങളെ പാവനമാക്കി മാറ്റൂ, രാജയോഗം പഠിപ്പിക്കൂ എന്ന് പറഞ്ഞ്. ഇപ്പോൾ നിങ്ങൾ രാജയോഗം പഠിക്കുകയാണ്. ബാബ പറയുന്നു എന്നെ ഓർമ്മിക്കൂ. ബാബ ഈ മതം നൽകുന്നില്ലേ. ബാബയുടെ ശ്രീമതവും രീതികളും എല്ലാത്തിൽ നിന്നും വേറിട്ടതാണ്. മതം അർത്ഥം അഭിപ്രായം, ഇതിലൂടെയാണ് നിങ്ങളുടെ സദ്ഗതിയുണ്ടാകുന്നത്. ബാബ ഒരാൾ തന്നെയാണ് നമ്മുടെ സദ്ഗതി ചെയ്യുന്നയാൾ, രണ്ടാമത് ആരുമില്ല. ഈ സമയത്താണ് വിളിക്കുന്നത്. സത്യയുഗത്തിൽ വിളിക്കുന്നില്ല. ഇപ്പോഴാണ് പറയുന്നത് സർവ്വരുടേയും സദ്ഗതി ദാതാവ് ഒരേയൊരു രാമനാണ്. എപ്പോഴാണോ മാല കറക്കുന്നത് അപ്പോൾ ജപിച്ച് ജപിച്ച് പൂവിന്റെ ഭാഗമെത്തുമ്പോൾ രാമാ എന്നു പറഞ്ഞ് അത് കണ്ണുകളിൽ വെയ്ക്കുന്നു. ജപിക്കേണ്ടത് ഒരു പൂവിനെയാണ്. ബാക്കിയുള്ളതെല്ലാം രാമന്റെ പവിത്ര രചനകളാണ്. മാലയെ നിങ്ങൾ നന്നായി മനസ്സിലാക്കി. ആരാണോ ബാബയോടൊപ്പം സേവനം ചെയ്യുന്നത് അവരുടേതാണ് ഈ മാല. ശിവബാബയെ രചയിതാവ് എന്ന് പറയില്ല. രചയിതാവ് എന്ന് പറഞ്ഞാൽ എപ്പോൾ രചിച്ചു എന്ന ചോദ്യം വരും. പ്രജാപിതാ ബ്രഹ്മാവ് ഇപ്പോൾ സംഗമത്തിലാണല്ലോ ബ്രാഹ്മണരെ രചിക്കുന്നത്. ശിവബാബയുടെ രചന അനാദിയാണ്. കേവലം പതിതത്തിൽ നിന്നും പാവനമാക്കി മാറ്റാനാണ് ബാബ വരുന്നത്. ഇപ്പോഴുള്ളത് പഴയ സൃഷ്ടിയാണ്. പുതിയതിൽ ദേവതകളാണ് വസിക്കുന്നത്. ഇപ്പോൾ ആര് ശൂദ്രരെ ദേവതയാക്കി മാറ്റും. ഇപ്പോൾ നിങ്ങൾ വീണ്ടും ആയി മാറുകയാണ്. അറിയാം ബാബ നമ്മെ ശൂദ്രനിൽ നിന്നും ബ്രാഹ്മണനും, ബ്രാഹ്മണനിൽ നിന്നും ദേവതയുമാക്കി മാറ്റുന്നു. ഇപ്പോൾ നിങ്ങൾ ദേവതയായി മാറാനായി ബ്രാഹ്മണനായി മാറിയിരിക്കുന്നു. മനുഷ്യ സൃഷ്ടി രചിക്കുന്നത് ബ്രഹ്മാവാണ്, അദ്ദേഹമാണ് മനുഷ്യരുടെ തലവൻ. ബാക്കി ആത്മാക്കളുടെ അവിനാശിയായ അച്ഛൻ ശിവൻ തന്നെയാണ്. ഈ മുഴുവൻ പുതിയ കാര്യങ്ങളും നിങ്ങൾ കേൾക്കുന്നു. ആരാണോ ബുദ്ധിവാന്മാർ അവർ നല്ലരീതിയിൽ ധാരണ ചെയ്യും. പതുക്കെ പതുക്കെ നിങ്ങളുടെ വൃദ്ധിയുണ്ടാകും. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ഓർമ്മ വന്നു, നമ്മൾ യഥാർത്ഥത്തിൽ ദേവതകളായിരുന്നു പിന്നീട് എങ്ങനെയാണ് 84 ജന്മങ്ങൾ എടുത്തത്. എല്ലാ രഹസ്യങ്ങളും നിങ്ങൾക്ക് അറിയാം. കൂടുതൽ കാര്യങ്ങളിലേയ്ക്ക് പോകേണ്ട ആവശ്യമേയില്ല.

ബാബയിൽ നിന്നും പൂർണ്ണ സമ്പത്ത് നേടുന്നതിനുള്ള മുഖ്യമായ കാര്യം ബാബ പറയുന്നു– ഒന്നാമത് എന്നെ ഓർമ്മിക്കൂ, രണ്ടാമത് പവിത്രമായി മാറൂ. സ്വദർശന ചക്രധാരിയായി മാറൂ പിന്നെ തനിക്കു സമാനമാക്കി മറ്റുള്ളവരെ മാറ്റൂ. എത്ര സഹജമാണ്. പക്ഷേ ഓർമ്മ നിൽക്കുന്നില്ല. ജ്ഞാനം വളരെ സഹജമാണ്. ഇപ്പോൾ പഴയ ലോകം അവസാനിക്കണം. പിന്നീട് സത്യയുഗത്തിൽ പുതിയ ലോകത്തിൽ ദേവീ ദേവതകൾ രാജ്യം ഭരിക്കും. ഈ ലോകത്തിൽ പഴയതിലും പഴയത് ഈ ദേവീ ദേവതകളുടെ ചിത്രങ്ങൾ അഥവാ ക്ഷേത്രങ്ങളാണ്. നിങ്ങൾ പറയും നാം പഴയതിലും പഴയ വിശ്വത്തിന്റെ മഹാരാജാവും മഹാറാണിയുമായിരുന്നു. ശരീരം നശിച്ചുപോകും. ബാക്കി ചിത്രങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ ഇത് ആർക്കെങ്കിലും അറിയുമോ, രാജ്യം ഭരിച്ച ഈ ലക്ഷ്മീ നാരായണൻ എവിടെപ്പോയെന്ന്. എങ്ങനെയാണ് രാജ്യം നേടിയത്? ബിർള ഇത്രയും ക്ഷേത്രങ്ങൾ നിർമ്മിക്കുന്നു പക്ഷേ ഒന്നും അറിയില്ല. പൈസ ലഭിക്കുന്നു നിർമ്മിച്ചുകൊണ്ടിരിക്കുന്നു. ഇത് ദേവതകളുടെ കൃപയാണ് എന്ന് കരുതുന്നു. ഒരു ശിവന്റെ പൂജയാണ് അവ്യഭിചാരി ഭക്തി. ജ്ഞാനം നൽകുന്നയാൾ ജ്ഞാനസാഗരനാണ്, ബാക്കിയെല്ലാം ഭക്തിമാർഗ്ഗമാണ്. ജ്ഞാനത്തിലൂടെ അരകല്പത്തിലേയ്ക്ക് സദ്ഗതിയുണ്ടാകുന്നു പിന്നെ ഭക്തിയുടെ ആവശ്യം ഉണ്ടാകില്ല. ജ്ഞാനം, ഭക്തി, വൈരാഗ്യം. ഇപ്പോൾ ഭക്തിയോട്, പഴയ ലോകത്തോട് വൈരാഗ്യമാണ്. പഴയത്

ഇപ്പോൾ അവസാനിക്കണം, ഇതിൽ എന്ത് ആസക്തി വെയ്ക്കാനാണ്. ഇപ്പോൾ നാടകം പൂർത്തിയാവുകയാണ്, നമ്മൾ വീട്ടിലേയ്ക്കാണ് പോകുന്നത്. ആ സന്തോഷം ഉണ്ടാകണം. ചിലർ കരുതുന്നു മോക്ഷം നേടുന്നത് നല്ലതാണ് പിന്നെ വരേണ്ടതില്ലല്ലോ. ആത്മാവ് കുമിളയാണ് അത് സാഗരത്തിൽ ലയിക്കും. ഇതെല്ലാം പുകഴ്ത്തൽ മാത്രമാണ്. അഭിനേതാവ് തീർച്ചയായും അഭിനയിക്കും. ആരാണോ വീട്ടിൽത്തന്നെയിരിക്കുന്നത് അവർ അഭിനേതാവാണോ. മോക്ഷം ലഭിക്കുകയില്ല. ഈ ഡ്രാമ അനാദിയായി ഉണ്ടാക്കപ്പെട്ടതാണ്. ഇവിടെ നിങ്ങൾക്ക് എത്ര ജ്ഞാനം ലഭിക്കുന്നു. മനുഷ്യരുടെ ബുദ്ധിയിലാണെങ്കിൽ ഒന്നുമില്ല. നിങ്ങളുടെ പാർട്ടുതന്നെ ബാബയിൽ നിന്നും ജ്ഞാനം എടുക്കുക, സമ്പത്ത് എടുക്കുക എന്നതാണ്. നിങ്ങൾ ഡ്രാമയിൽ ബന്ധിതരാണ്. പുരുഷാർത്ഥം തീർച്ചയായും ചെയ്യും. ഡ്രാമയിൽ ഉണ്ടെങ്കിൽ ലഭിക്കും, ഇങ്ങനെയല്ല. എങ്കിൽ പിന്നെ ഇരുന്നുപോകും. പക്ഷേ കർമ്മമില്ലാതെ ആർക്കും ഇരിക്കാൻ കഴിയില്ല. കർമ്മസന്യാസം എന്നത് സാധ്യമേയല്ല. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം-

1) യോഗബലത്തിന്റെ ശക്തികൊണ്ട് തന്റെ കർമ്മേന്ദ്രിയങ്ങളെ ശീതളമാക്കി മാറ്റണം. നിയന്ത്രണത്തിൽ വെയ്ക്കണം. ആസുരീയ കാര്യങ്ങൾ കേൾക്കരുത്, കേൾപ്പിക്കരുത്. ഇഷ്ടമല്ലാത്ത കാര്യങ്ങൾ ഒരു കാതിലൂടെ കേട്ട് മറുകാതിലൂടെ കളയണം.

2) ബാബയിൽ നിന്നും മുഴുവൻ സമ്പത്തും നേടുന്നതിനായി സ്വദർശന ചക്രധാരിയായി മാറണം, പവിത്രമായി മാറി തനിക്കു സമാനമാക്കി മാറ്റുന്നതിനുള്ള സേവനം ചെയ്യണം.

## വരദാനം:- മുരളിയാകുന്ന ഉപകരണത്തിലൂടെ മായയെ കീഴടക്കുന്ന മുരളീധരനായി ഭവിക്കട്ടെ.

മുരളി വളരെ കേട്ടതാണ്, ഇപ്പോൾ അങ്ങനെയുള്ള മുരളീധരനാകൂ അതിലൂടെ മായ മുരളിക്ക് മുമ്പാകെ കീഴടങ്ങണം. മുരളിയാകുന്ന രഹസ്യമായ ഉപകരണം സദാ വായിക്കുകയാണെങ്കിൽ മായ സദാ കാലത്തേക്ക് സറണ്ടറാകും. മായയുടെ മുഖ്യസ്വരൂപം കാരണത്തിന്റെ രൂപത്തിലാണ് വരുന്നത്. എപ്പോൾ മരളിയിലൂടെ കാരണത്തിന്റെ നിവാരണം ലഭിക്കുന്നുവോ അപ്പോൾ മായ സദാ കാലത്തേക്ക് സമാപ്തമാകും. കാരണം അവസാനിച്ചു അർത്ഥം മായ അവസാനിച്ചു.

## സ്ലോഗൻ:- അനുഭവീ സ്വരൂപമാകൂ എങ്കിൽ മുഖത്ത് സന്തോഷത്തിന്റെ തിളക്കം കാണപ്പെടും.

**അവ്യക്ത സൂചനകൾ:- ആത്മീയ രാജകീയതയുടെയും പവിത്രതയുടെയും വ്യക്തിത്വം ധാരണ ചെയ്യൂ.**
സംഗമയുഗീ ബ്രാഹ്മണ ജീവിതത്തിന്റെ വിശേഷത പവിത്രതയാണ്. കുടുംബ ജീവിതത്തിലിരുന്നുകൊണ്ടും അപവിത്രതയിൽ നിന്നും മാറിയിരിക്കുക, സ്വപ്നത്തിൽ പോലും അപവിത്രതയുടെ സങ്കൽപത്തിൽ നിന്ന് മുക്തമായിരിക്കുക- ഇത് തന്നെയാണ് വിശ്വത്തെ വെല്ലുവിളിക്കുന്നതിനുള്ള മാർഗ്ഗം, ഇത് തന്നെയാണ് താങ്കൾ ബ്രാഹ്മണരുടെ രാജകീയതയും വ്യക്തിത്വവും.